(ബി) വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് ഓരോ ഗ്രാമപഞ്ചായത്തിൽ വെച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001-ലെ സെൻസസ് പ്രകാരം 850794 വികലാംഗരുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ബ്ലോക്കുകളിലുമായി 1200 മെഡിക്കൽ ക്യാമ്പുകൾ നടത്തി, എത്തിച്ചേർന്ന എല്ലാ പേർക്കും കേരള സാമൂഹ്യ സുരക്ഷ, മിഷൻ മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ട്.

അങ്കണവാടി വർക്കർ, ഹെൽപ്പർ ഒഴിവുകളിലേക്ക് പുതിയ നിയമനം

14(2112) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേലടി ഐ.സി.ഡി.എസ്.-നു കീഴിൽ നിന്നും ഈ വർഷം എത്ര അങ്കണവാടി വർക്കർ, ഹെൽപ്പർമാർ റിട്ടയർ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) മുതിർന്ന പൗരൻമാർക്കായി സർക്കാർ ആശുപത്രികളിൽ എന്തൊക്കെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് പുതിയ നിയമനം നടന്നിട്ടുണ്ടോ ; എങ്കിൽ ആരൊക്കെ, എവിടെയൊക്കെ നിയമിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ; ഈ നിയമനത്തിന്റെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) താൽക്കാലിക നിയമനത്തിന് ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിലുള്ള യോഗ്യതയുള്ളവരെയാണോ നിയമിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഇ) എത്രപേർക്ക് ഇവിടെ സ്ഥലംമാറ്റം അനുവദിച്ചു എന്നും ഇത് മാനദണ്ഡം പാലിച്ചായിരുന്നോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മേലടി ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്നും 12 അംഗൻവാടി വർക്കർമാരും 18 ഹെൽപ്പർമാരും റിട്ടയർ ചെയ്തിട്ടുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ തസ്തികകളിലെ സ്ഥിരപ്പെടുത്തൽ

15(2113) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ പത്തു വർഷം ജോലി പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly